LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി നിയമിക്കപ്പെട്ട ഡോക്ടർമാർ

106 (795) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജിലേക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും എത്ര ഡോക്ടർമാരെയാണ് മാറ്റി നിയമിച്ചിട്ടുള്ളത്; ഈ മെഡിക്കൽ കോളേജിലേക്ക് മാറ്റിയിട്ടുള്ള മറ്റ് വിഭാഗം ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവർ ഇപ്പോൾ (ഡോക്ടർമാരുൾപ്പടെ) എന്ത് ജോലിയാണ് നിർവ്വഹിക്കുന്നത്;

(സി) അവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ; അതിനുള്ള സംവിധാനം എന്താണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും ഉദ്യോഗക്കയറ്റം മുഖേന 9 ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.

1.	പ്രിൻസിപ്പാൾ	-	1
2.	പ്രൊഫസർ	-	3
3.	അസോസിയേറ്റ് പ്രൊഫസർ	-	5
	ആകെ	-	9

തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും ഒരു ഓഫീസ് അസിസ്റ്റന്റിനെ പുതിയ മെഡിക്കൽ കോളേജിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) ഇവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും നൽകി വരുന്നു.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജീവനക്കാരുടെ ഒഴിവുകൾ

107 (796) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് ജീവനക്കാർ എന്നിവരുടെ ഇപ്പോഴുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ഉത്തരം

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് ജീവനക്കാർ എന്നിവരുടെ ഇപ്പോഴുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സീനിയർ കൺസൾട്ടന്റ് (മെഡിസിൻ)	-	2
സീനിയർ കൺസൾട്ടന്റ് (സർജറി)	-	1
കൺസൾട്ടന്റ് (മെഡിസിൻ)	-	2
കൺസൾട്ടന്റ് (സർജറി)	-	1
കൺസൾട്ടന്റ് (ഇ.എൻ.റ്റി.)	-	2
കൺസൾട്ടന്റ് (അനസ്തേഷ്യ)	-	1
കൺസൾട്ടന്റ് (ഓർത്തോ)	-	1
കൺസൾട്ടന്റ് (ഡെർമറ്റോളജി)	-	1
കൺസൾട്ടന്റ് (റേഡിയോളജി)	-	1
കൺസൾട്ടന്റ് (സൈക്യാട്രി)	-	1
നഴ്സിംഗ് ഓഫീസർ	-	1
ജൂനിയർ സയന്റിഫിക് ഓഫീസർ	-	2
ചീഫ് റേഡിയോഗ്രാഫർ	-	1
പ്ലമ്പർ	-	1
ധോബി	-	4
ബൈന്റർ	-	1
നഴ്സിംഗ് അസിസ്റ്റന്റ്	-	6
സ്റ്റാഫ് നഴ്സ് ഗ്രേഡ് I	-	5
സ്റ്റാഫ് നഴ്സ് ഗ്രേഡ് II	-	5
ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ	-	1
ഫാർമസിസ്റ്റ്	-	1
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I	-	10
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II	-	25
ബാർബർ	-	1

LIBRARY ARCHIVES Kerala Legislative Assembly